LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരണം

139 [1943] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുന്നതിന് മന്ത്രി സഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 207(3) പ്രകാരം ഗവർണ്ണറുടെ ശുപാർശയ്ക്കുവേണ്ടി ഫയൽ ഗവർണ്ണർക്ക് അയയ്ക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങൾ

140 [1944] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പെരിങ്ങളം നിയോജക മണ്ഡലത്തിലെ കണ്ണവം, ബെങ്ങളം, നരിക്കോട്മല, മുണ്ടയോട് എന്നീ ആദിവാസി കോളനികളിൽ 3 വർഷമായി എന്തെങ്കിലും ക്ഷേമപ്രവർത്തനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ചെറുവാഞ്ചേരിയിൽ നിന്നും മുണ്ടയോട് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

(ബി) കണ്ണൂർ ജില്ലയിൽ 369 പട്ടികജാതി കോളനികളും 382 പട്ടികവർഗ്ഗ കോളനികളും ഉണ്ട്.

(സി) പാട്യം പഞ്ചായത്തിൽപ്പെട്ട കണ്ണവം, ബെങ്ങളം പട്ടികവർഗ്ഗ കോളനികളിൽ 2001-02, 2002-03 വർഷങ്ങളിൽ യഥാക്രമം 4, 2 വീടുകൾ അനുവദിക്കുകയുണ്ടായി. 2003-04 കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിലൂടെ 75,000 രൂപ

† അനുബന്ധം—X

(എഴുപത്തയ്യായിരം രൂപ മാത്രം) ഗ്രാന്റിൽ 10 വീടുകളും SGRY പദ്ധതി പ്രകാരം 2002-03-ൽ 2 വീടുകളും അനുവദിച്ചിട്ടുണ്ട്. 2003-04-ൽ ടി കോളനിയിൽ 2 കിണർ നിർമ്മിച്ചു നൽകിയിട്ടുണ്ട്. നരിക്കോട്ടുമല കോളനിയിലേക്കുള്ള 400 മീറ്റർ റോഡ് ടാറിംഗും ഇക്കാലയളവിൽ നടത്തിയിട്ടുണ്ട്. 2001-02 വർഷം ടി കോളനിയിൽ ആരോഗ്യകേന്ദ്ര നിർമ്മാണത്തിനായി ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും പണി പൂർത്തിയായിട്ടില്ല.

(ഡി) പട്ടികജാതിക്കാർക്കുള്ള എസ്.സി.പി. ഫണ്ടിന്റെ മൂന്നിൽ രണ്ടു ഭാഗവും പട്ടികവർഗ്ഗക്കാർക്കുള്ള ടി.എസ്.പി. ഫണ്ടിന്റെ പകുതി ഭാഗവും പഞ്ചായത്തുകൾക്കാണ് നൽകിയിരിക്കുന്നത്. പട്ടികജാതി വകുപ്പിലുള്ള കോർപ്പസ് ഫണ്ടിൽനിന്ന് റോഡ് നിർമ്മാണത്തിനോ, അറ്റകുറ്റപ്പണികൾക്കോ, പണം അനുവദിക്കുവാൻ മാനദണ്ഡം അനുവദിക്കുന്നില്ല.

പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടി

141 [946] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ:

(ബി) ജില്ലാ ആഫീസുകളിൽ ഓരോ ആനുകൂല്യത്തിനുമായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷിച്ചവരിൽ യോഗ്യതയുള്ളവർക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുത്തുതീർക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതിക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്കൂൾ/കോളേജ് തുറന്നാലുടനെ ലംപ്സംഗ്രാന്റും 4 മാസത്തെ സ്റ്റൈപെന്റും മുൻകൂറായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂരഹിത ഭവനരഹിത പദ്ധതിയിൽമേൽ ലഭിച്ച അപേക്ഷകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം നടത്തുന്നുണ്ട്.

ചികിത്സാ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് തുടർച്ചാനുമതി നൽകുന്നതിനും, മാർഗ്ഗനിർദ്ദേശത്തിനും ഉള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[13-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 131 (1934) ദയവായി കാണുക.]

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതി അനുസരിച്ച് 2001-2002 മുതൽ 2003-2004 വരെ അനുവദിച്ച തുക

(ജില്ലാടിസ്ഥാനത്തിൽ)

ജില്ല	2001-02 (ലക്ഷത്തിൽ)	2002-03 (ലക്ഷത്തിൽ)	2003-04 (ലക്ഷത്തിൽ)
തിരുവനന്തപുരം	168	46.09	100.00
കൊല്ലം	98	20	88.50
ആലപ്പുഴ	146	5	102.19
കോട്ടയം	20	..	20.00
എറണാകുളം	80	15.80	50.00
തൃശ്ശൂർ	64	10.90	37.80
മലപ്പുറം	76	38	49.50
കോഴിക്കോട്	72	20	89.98
കണ്ണൂർ	34	12.12	23.24
കാസർഗോഡ്	42	9.96	35.79
പത്തനംതിട്ട	..	..	3.00
	800.00	177.87	600.00

അനുബന്ധം X

[13-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 140 (1944) ദയവായി കാണുക]

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ

1. പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിൽ വിദ്യാഭ്യാസാനുകൂല്യം.

2. വൃത്തിഹീന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം.

3. പട്ടികജാതി/മറ്റർഹ/മറ്റുപിന്നോക്ക/മുന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് തലത്തിലുള്ള വിദ്യാഭ്യാസാനുകൂല്യം.

4. സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ വിദ്യാഭ്യാസ സൗകര്യം.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X—(തുടർച്ച)

5. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം.

6. സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം.

7. എസ്.എസ്.എൽ.സി. മുതൽ വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് പ്രോത്സാഹന സമ്മാനം.

8. കായിക പ്രതിഭകൾക്ക് പ്രത്യേക പ്രോത്സാഹനവും പരിശീലനവും.

9. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകാൻ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് കേന്ദ്രങ്ങൾ.

10. സിവിൽ സർവ്വീസസ് പരീക്ഷകൾക്ക് പ്രത്യേകം കോച്ചിംഗ് സെന്റർ.

11. ഉദ്യോഗാർത്ഥികൾക്ക് മത്സരശേഷി ഉണ്ടാക്കുന്നതിനായി കോഴിക്കോട് ഐ. ഐ. എം.-ന്റെ നേതൃത്വത്തിൽ സെന്റർ ഫോർ എക്സലൻസ്.

12. മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങാനായി ബുക്ക് ബാങ്ക് പദ്ധതി (പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി)

13. തോറ്റ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ വിദ്യാഭ്യാസത്തിന് ധനസഹായം.

14. എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി തുടങ്ങിയ തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് ക്ഷേത്ര പ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്.

15. മുഖ്യമന്ത്രിയുടെ സ്കോളർഷിപ്പ് (ഓരോ വർഷവും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഓരോ ആൺകുട്ടിക്കും ഓരോ പെൺകുട്ടിക്കും).

16. റാങ്ക് ജേതാക്കൾക്ക് അവാർഡ് (മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിക്കുന്ന ഓരോ ആൺകുട്ടിക്കും ഓരോ പെൺകുട്ടിക്കും).

17. സമർത്ഥരായ വിദ്യാർത്ഥികളെ താമസിപ്പിച്ചു പഠിപ്പിക്കുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.

18. പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾ പാരലൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിഭാഗത്തിനും.

19. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X—(തുടർച്ച)

20. വിവിധ ട്രെയിഡുകളിൽ എൻ.സി.വി.ടി. നിലവാരമുള്ള കോഴ്സുകൾ നടത്തുന്ന 41 ഐ.ടി.സി.കൾ, 3 പി.സി.റ്റി.ഐ.-കൾ.

21. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന (എഞ്ചിനീയറിംഗ് & നോൺ എഞ്ചിനീയറിംഗ്) വിദ്യാർത്ഥികൾക്ക് വിദ്യഭ്യാസാനുകൂല്യം.

22. അന്യ സംസ്ഥാനങ്ങളിൽപ്പോയി പഠിക്കുന്നവർക്ക് ധനസഹായം.

23. സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.

24. സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായപദ്ധതി.

25. വ്യവസായ വായ്പ.

26. വക്കീലന്മാർക്ക് ധനസഹായം.

27. മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് പരിശീലനം.

28. ഇലക്ട്രോണിക്സ്, കംപ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി മുതലായ വയിലും മറ്റു ഹൈടെക് കോഴ്സുകളിലും പരിശീലനം.

29. അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായവരുടെ പുനരധിവാസം.

30. സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ (അതിക്രമങ്ങൾ തടയുന്നിനും മറ്റും ഉദ്ദേശിച്ചുകൊണ്ട്).

31. ബോധവൽക്കരണ ക്യാംപുകൾ.

32. മിശ്രവിവാഹിതർക്ക് ധനസഹായം.

33. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത (ഈ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്നു)

34. ഭൂരഹിത ഭവന രഹിത പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസം.

35. ഭവനനിർമ്മാണ ധനസഹായം.

36. വിദ്യാർത്ഥികൾക്കായി ഭാരതദർശൻ/ദക്ഷിണേന്ത്യൻ പര്യടന പരിപാടി.

37. പൗരാണിക കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നാടൻ കലാമേള.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X—(തുടർച്ച)

38. സാഹിത്യകാരൻന്മാർക്കായി സാഹിത്യശിൽപ്പശാല.

39. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം.

40. ക്ഷേത്രപ്രവേശന വിളംബര സ്മൃതി ദിനാഘോഷം.

41. പട്ടികജാതിക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാരുടെ പുനരധിവാസം.

42. ഭവന നിർമ്മാണ വായ്പ.

43. ഭവനം ഓലമേയുന്നതിനുള്ള ഗ്രാന്റ്. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരമാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്)

44. ഓടു മേച്ചിൽ ഗ്രാന്റ്. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരമാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്)

45. അത്യാഹിത സന്ദർഭങ്ങളിലും രോഗ ചികിത്സയ്ക്കും മറ്റുമായി ധനസഹായം നൽകുന്ന ദുരിതാശ്വാസനിധി.

46. സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ താഴെ പറയുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടന്നുവരുന്നു:

1. ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം.—ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 1 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നല്കിവരുന്നു. പുനരധിവാസത്തോടൊപ്പം തന്നെ ട്രൈബൽ മിഷൻ മുഖേന പുനരധിവസിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ നല്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ജീവനോപാധികൾക്കും വേണ്ട ധനസഹായം നല്കിവരുന്നു.

2. അടിസ്ഥാന വികസനത്തിനുള്ള പ്രത്യേക കേന്ദ്രസഹായം.—പട്ടികവർഗ്ഗ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ട്. സ്കൂൾകെട്ടിടങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ എന്നിവയ്ക്കുവേണ്ട കെട്ടിട സൗകര്യങ്ങൾ തുടങ്ങിയവ ഈ പദ്ധതിപ്രകാരം ഏറ്റെടുത്ത് ചെയ്യുന്നതാണ്.

3. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. കേന്ദ്ര സഹായത്തോടെയുള്ള ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജില്ല കളക്ടറുടെ നേതൃത്വത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X—(തുടർച്ച)

4. ധാന്യബാങ്കുകൾ.—ആദിവാസികളുടെയിടയിൽ ഭക്ഷ്യദൗർലഭ്യം പരിഹരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം ധാന്യ ബാങ്കുകൾ സ്ഥാപിക്കുകയും ധാന്യം ശേഖരിച്ചു വിതരണം നടത്തുകയും ചെയ്യുന്നു.

5. ഫുഡ് സപ്പോർട്ട് പ്രോഗ്രാം.—പഞ്ഞമാസങ്ങളിൽ ആദിവാസികളുടെ പട്ടിണിയും ദാരിദ്ര്യവും ഇല്ലായ്മ ചെയ്യാനുള്ള മറ്റൊരു പദ്ധതിയാണിത്. ജോലിക്കു പകരമായി ധാന്യവും കൂലിയും നല്കുന്ന പരിപാടിയാണിത്.

6. അടിയ പണിയ പാക്കേജ്.—അടിയർ, പണിയർ, എന്നീ പ്രാക്തന വിഭാഗക്കാരുടെ പുരോഗതിക്കായുള്ള ഈ പദ്ധതിക്ക് 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ തുക അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി വിനിയോഗിക്കുന്നതാണ്.

7. ഇൻഷ്വറൻസ് പദ്ധതി.—കേരളത്തിലെ എല്ലാ പട്ടിക വർഗ്ഗക്കാരേയും നടപ്പുവർഷം മുതൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ പാലക്കാട്, വയനാട് ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നു. സമഗ്ര ആരോഗ്യ സംരക്ഷണമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

8, മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ.—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പബ്ലിക് സ്കൂൾ മാതൃകയിൽ ആധുനിക സൗകര്യങ്ങളോടെ എല്ലാ ജില്ലയിലും മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം 18 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

9. ഇതര വിദ്യാഭ്യാസ പദ്ധതികൾ.—ഗിരിവികാസ്, ഗുരുകുലം എന്നീ തുടർ വിദ്യാഭ്യാസ പരിപാടികൾ, നേഴ്സറി സ്കൂളുകൾ, സൗജന്യ വസ്ത്ര വിതരണ പദ്ധതി, അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സർച്ച് പദ്ധതി, രക്ഷിതാ ക്കൾക്കുള്ള പ്രോത്സാഹന പദ്ധതി, ഭാരത ദർശൻ പരിപാടി, കലാകായിക മേളകൾ, വിവര സാങ്കേതിക വിദ്യയിലുള്ള പരിശീലനം എന്നീ പദ്ധതികൾ സുഗമമായി നടന്നുവരുന്നു. 104 ട്രൈബൽ ഹോസ്റ്റലുകളും വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നു.

10. അമൃദ്.—(അംബേദ്കർ മെമ്മോറിയൽ റൂറൽ ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്ന പദ്ധതിയാണിത്.

11. നീർത്തട വികസന പരിപാടി.—പട്ടികവർഗ്ഗ സങ്കേതങ്ങൾക്കും കൃഷിത്തടങ്ങൾക്കും പ്രാമുഖ്യം നല്കുന്നതാണിത്.

12. ഊരുകൂട്ടം ശക്തിപ്പെടുത്തൽ.—വികസന രംഗത്ത് പട്ടികവർഗ്ഗ ക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സാമൂഹ്യപരമായി അവരെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഊരുകൂട്ടങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിച്ചു അവരെ ബോധവാന്മാരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇതിനുവേണ്ടി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly